ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) പങ്കെടുക്കാറുണ്ട്.

(എഫ്-എച്ച്) വിവരം ശേഖരിച്ചു വരുന്നു.

(ഐ) വിശദവിവരം ലഭ്യമായാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന ടാക്സ് വിഹിതം

12 (4051) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-2004-ൽ കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനത്തിന് കിട്ടേണ്ടിയിരുന്ന ടാക്സ് വിഹിതം എത്രയാണെന്നാണ് സംസ്ഥാന ബഡ്ജറ്റിൽ കണക്കാക്കിയിരുന്നതെന്നും യഥാർത്ഥത്തിൽ ഓരോ വർഷവും എന്ത് തുക ലഭിക്കുകയുണ്ടായെന്നും വെളിപ്പെടുത്താമോ ;

(ബി) മുൻവർഷം ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിന്റെ എത്ര ശതമാനമാണ് കിട്ടിയത് ;

(സി) കിട്ടിയതിന്റെ എത്ര ശതമാനം ഈ വർഷം ബഡ്ജറ്റിൽ പ്രതീക്ഷിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2003-2004-ൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് 1,950 കോടി രൂപ ലഭിക്കുമെന്നാണ് സംസ്ഥാന ബഡ്ജറ്റിൽ കണക്കാക്കിയിരിക്കുന്നത്.

2000-2001-ൽ 1,585.61 കോടി രൂപയും

2001-2002-ൽ 1,614.26 കോടി രൂപയും

2002-2003-ൽ 1,715.21 കോടി രൂപയുമാണ് ലഭിച്ചത്.

(ബി) 99.64%

(സി) 113.69%

നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടി ക്രമങ്ങൾ

13 (4052) ഡോ. തോമസ് ഐസക് :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്പന നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളാണ് ഇപ്പോൾ ഹൈക്കോടതിയിൽ നിലവിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly